# പതിമൂന്നാം കേരളനിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1559 05.12.2014-ൽ മറുപടിക്ക്.

## നഗരസഭകളിലെ പദ്ധതി രൂപീകരണം

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) നഗരസഭകളിലെ പദ്ധതി രൂപീകരണത്തിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ ആണ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | 16.11.2013 ലെ സ.ഉ (എം.എസ്)362/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖയനുസരിച്ചാണ് നഗരസഭകൾ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. വിശദാംശങ്ങൾ പ്രസ്തുത ഉത്തരവിൽ ലഭ്യമാണ്. |
| (ബി) നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നവീനങ്ങളായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | 1.പ്ലിന്ത് ഏര്യ അടിസ്ഥാനമാക്കിയുള്ള വസ്തു നികുതി പരിഷ്ക്കരണം നഗരസഭകളിൽ നടപ്പിലാക്കി.<br><br>2. പരസ്യ നികുതി പരിഷ്ക്കരിക്കുവാൻ മോഡൽ നിയമാവലി എല്ലാ നഗരസഭകൾക്കും അയച്ചുകൊടുത്ത് പരസ്യ നികുതി വർദ്ധിപ്പിക്കാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്.<br><br>3. വിനോദ നികുതി ചോർച്ച തടയുവാൻ സിനിമാ തിയേറ്ററുകളിൽ ഇ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>4. സ്വകാര്യ സംരംഭകരെ പങ്കെടുപ്പിച്ച് പി.പി.പി മാതൃകയിൽ വരുമാനദായകമായ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എത്ര നഗരസഭകളിൽ നടപ്പിലാക്കാനാണ് ആലോചിക്കുന്നത്; വിശദാംശം നൽകാമോ? | (സി) | പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ ഉപയോഗപ്പെടുത്തി ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വേണ്ടി 2014 ഫെബ്രുവരിയിൽ 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപ സംഗമം നടത്തുകയും കേരളത്തിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സംഗമത്തിൽ 29 തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നായി 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ നടത്താമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുന്നതിനായി സർക്കാർ പാർട്ണർ കേരള മിഷൻ രൂപികരിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്. |

സെക്ഷൻ ഓഫീസർ